# കുറുപ്പംപടിയിൽ വൻ ഗഞ്ചാവ് വേട്ട

കുറുപ്പംപടി പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കുറുപ്പംപടി പ്രൈവറ്റ് ബസ് സ്റ്റാൻറിൽ വച്ച് കുറുപ്പംപടിയിലും പരിസരത്തും മറ്റും വിൽപ്പനയ്ക്കായി കൊണ്ടു വന്ന അഞ്ചര കിലോയോളം ഗഞ്ചാവുമായി തമിഴ് യുവാവ് പിടിയിലായി. കുറുപ്പംപടി പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ പി.എം. ഷെമീറിൻെറ നേതൃത്വത്തിലുള്ള ടീം ആണ് ഗഞ്ചാവുമായി യുവാവിനെ പിടികൂടിയത്.

ഉദമപാളയം താലൂക്ക്, കമ്പം കുള്ളപക്കളുണ്ടൻപട്ടി, വേദകോവിൽ തെരുവ്, House No:125 ൽ, പാണ്ഡ്യൻ മകൻ 32 വയസ്സുള്ള സെന്തിൽ കുമാർ ആണ് പോലീസ് പിടിയിലായത്. 04.08.17 തീയതി രാവിലെ 10.30 മണിയോടു കൂടി കുറുപ്പംപടി പ്രൈവറ്റ് ബസ്സ്സ്റ്റാൻറ് പരിസരത്തു നിന്നുമാണ് വിൽപ്പനയ്ക്കായി കൈവശം വച്ച 5.3 Kg ഗഞ്ചാവുമായി യുവാവിനെ പിടികൂടിയത്.

ആഴ്ച്ചകൾ നീണ്ട നിരീക്ഷണത്തിനൊടുവിലാണ് പ്രതി പിടിയിലായത്. കോളേജ് വിദ്യാര്ത്ഥികൾക്കിടയിൽ വൻതോതിൽ കഞ്ചാവ് വില്പന നടക്കുന്നുണ്ടെന്ന അടിസ്ഥാനത്തില് നടത്തിയ അന്വേഷണത്തിനൊടുവിലാണ് പ്രതി പിടിയിലായത്. ടിയാന് നാളുകളായി കേരളത്തിലെ വിവിധ സ്ഥലങ്ങളില് റീട്ടെയിലായി കാൽ കിലോ മുതൽ 2 Kg വരെയുള്ള പാക്കറ്റുകളായി ആവശ്യക്കാർക്കായി വില്ക്കുകയായിരുന്നു.

കമ്പത്ത് നിന്നാണ് ഇയാൾ സാധനം കൊണ്ടു വന്നിരുന്നത്. ഇങ്ങനെ ഉപയോഗിച്ചു വന്ന ഒരു വിദ്യാർത്ഥിയിൽ നിന്നും കിട്ടിയ വിവരമനുസരിച്ച് ഇയാളെ നിരീക്ഷിക്കുകയായിരുന്നു. ഇടപാടുകാരാണെന്ന് വിശ്വാസം വീണ്ടെടുത്തു ടിയാനെ കുറുപ്പംപടി പോലീസിലെ ഷാഡോ ടീം ഇവിടെ വരുത്തുകയായിരുന്നു. ആദ്യം ഇയാളുടെ ഏജൻറുമാരാണ് ഇടപാടുകള് കൈകാര്യം ചെയ്തിരുന്നുവെങ്കിലും വലിയ അളവായതിനാലും കൂടുതൽ കാശ് ആവശ്യപ്പെട്ടതിനാലും ഇയാൾ നേരിട്ടു വരികയായിരുന്നു. ഇയാളുടെ ബാഗിൽ നിന്നും 2 കിലോയുടെ രണ്ട് പൊതിയും (ആയത് ഇവരുടെ ഭാഷയില് 'കട്ട' എന്നാണ് അറിയപ്പെടുന്നത്) കാൽ കിലോയുടെ മുകളിലുള്ള 4 പൊതിയും

കണ്ടെടുത്തു. ഇയാൾ ഇടുക്കിയിൽ വ്യാപകമായി വില്പന നടത്തുന്നുണ്ടെന്നും നിരവധി ഏജൻറുമാർ ഇതിനായി ടിയാളുടെ കീഴിൽ ജോലി ചെയ്യുന്നുണ്ടെന്നും പോലീസ് അറിയിച്ചു. എറണാകുളം ജില്ലാ പോലീസിൻറെ ഏറ്റവും മികച്ച കഞ്ചാവു വേട്ട കളിലൊന്നാണ് ഇന്ന് കുറുപ്പംപടിയില് നടന്നത്. കഴിഞ്ഞ മാസം പറവൂരിൽ നിന്നും 8 കിലോ കഞ്ചാവ് പിടിച്ചതാണ് ഇത്തരത്തിൽ വലുത്.

ജില്ലാ പോലീസ് മേധാവി ശ്രീ A V ജോർജ്ജ് ഐപിഎസ് ൻെറ നിർദ്ദേശാനുസരണം പെരുമ്പാവൂർ DySP G വേണു, കുറുപ്പംപടി CI രാജേഷ് കുമാർ എന്നിവരുടെ മേൽനോട്ടത്തിൽ കുറുപ്പംപടി എസ്.ഐ പി.എം ഷമീറിൻെറ നേതൃത്വത്തിൽ SI മാരായ ബേബി, സാലി, ASI ജോയി, SCPO അബ്ദുൽ റസാഖ്, CPO മാരായ സിദ്ദാർത്ഥൻ നമ്പ്യാർ, ബോബൻ ജോർജ്ജ്, ജയൻ, ബിനിൽ പോൾ അടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

